"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണവകുപ്പ് - സംസ്ഥാനസർക്കാർ ചിഹ്നത്തിന്റെ ഉപയോഗവും അതിന്റെ ദുരുപയോഗം തടയലും - മാർഗനിർദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്**

സ.ഉ.(അച്ചടി) നം.**8/2026/GAD** തീയതി,തിരുവനന്തപുരം, **13-03-2026**

---

പരാമർശം:- **1. 1961** സെപ്റ്റംബർ **9** തീയതിയിലെ സ. ഉ (അച്ചടി) **696/** പബ്ലിക് മിസലേനിയസ് നമ്പരായുള്ള ഉത്തരവ്

2. **2011** ജനുവരി **13** തീയതിയിലെ സ. ഉ (കൈ) **18/2011**/പൊ.ഭ.വ നമ്പരായുള്ള ഉത്തരവ്

**<u>ഉത്തരവ്</u>**

കേരളസംസ്ഥാനത്തിന്റെ ചിഹ്നം പരാമർശിത ഉത്തരവുകളിലൂടെ സ്വീകരിച്ചിട്ടുണ്ട്.

ചിഹ്നത്തിന്റെ ശരിയായ മാതൃക ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. കേരളത്തിന്റെ സംസ്ഥാന ചിഹ്നം അതിൽ നൽകിയിരിക്കുന്ന മാതൃകപ്രകാരംതന്നെ ആയിരിക്കേണ്ടതാണ്.

എന്നാൽ, **1950** ലെ ചിഹ്നങ്ങളും പേരുകളും (അനുചിതമായ ഉപയോഗം തടയൽ) ആക്റ്റിന്റെ (**1950** ലെ **12**-ാം ആക്റ്റ്) ഷെഡ്യൂളിലെ ഇനം **4**-ൽ കേന്ദ്രസർക്കാരിന്റെ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ പേര്,



File No. DT/2507/2026-A5 (Computer No. 889488)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

ചിഹ്നം അല്ലെങ്കിൽ ഔദ്യോഗികമുദ്രയുടെ അനുചിതമായ അല്ലെങ്കിൽ തുടർച്ചയായ ഉപയോഗം കേന്ദ്രസർക്കാരിന്റെയോ പ്രസ്തുത സർക്കാരിനാൽ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതി കൂടാതെയാണെങ്കിൽ അത് നിയമലംഘനമായി കണക്കാക്കപ്പെടുന്നതാണ് എന്നു പ്രസ്താവിച്ചിട്ടുണ്ട്.

കേരളസംസ്ഥാനത്തിന്റെ ഔദ്യോഗികചിഹ്നത്തിൽ ദേശീയ ചിഹ്നം ഉൾപ്പെട്ടിരിക്കുന്നതിനാൽ, **2005**-ലെ ഇന്ത്യയുടെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റിലെയും **2007**-ലെ ഇന്ത്യയുടെ രാഷ്ട്രചിഹ്നം (ഉപയോഗ നിയന്ത്രണം) ചട്ടങ്ങളിലെയും വ്യവസ്ഥകൾ സംസ്ഥാന ചിഹ്നത്തിനും ബാധകമാവുന്നതാണ്.

വിവിധ അധികാരികൾ സംസ്ഥാനസർക്കാരിന്റെ സംസ്ഥാന ചിഹ്നം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. അതിനാലിപ്പോൾ, സംസ്ഥാനത്തെ വിവിധ അധികാരികൾ സംസ്ഥാനചിഹ്നം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

## <u>പൊതുവായ മാർഗ്ഗനിർദേശങ്ങൾ</u>

**എ.** ഈ മാർഗനിർദേശങ്ങളിൽ ഔദ്യോഗികചിഹ്നം എന്നാൽ, അത് **1950**-ലെ ഇന്ത്യയുടെ രാഷ്ട്രചിഹ്നം (ദുരുപയോഗ നിരോധനം) ആക്റ്റിലെ പട്ടികയിലും **2007** ലെ ഇന്ത്യയുടെ രാഷ്ട്രചിഹ്നം (ഉപയോഗ നിയന്ത്രണം) ചട്ടങ്ങളിലും

വിവരിച്ചിട്ടുള്ളതും വ്യക്തമാക്കിയിട്ടുള്ളതുമായ കേരളത്തിന്റെ സംസ്ഥാനചിഹ്നത്തെയാണ് ഉദ്ദേശിക്കുന്നത്.

**ബി.** സംസ്ഥാനസർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ യാതൊരു വ്യക്തിയും സർക്കാരുമായി ബന്ധപ്പെട്ടതാണെന്നോ സർക്കാരിന്റെ ഔദ്യോഗിക പ്രമാണമാണെന്ന ധാരണ ജനിപ്പിക്കുന്നതിന് ഉതകുന്നതോ ആയ യാതൊരു രീതിയിലും സംസ്ഥാനചിഹ്നത്തെയോ അതിനോട് സാദൃശ്യമുള്ള അനുകരണങ്ങളെയോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 'വ്യക്തി' എന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ പ്രവർത്തിച്ചിരുന്ന മുൻ ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതാണ്.

**സി.** ഏതെങ്കിലും രീതിയിലുള്ള കച്ചവടം, ബിസിനസ്, തൊഴിൽപരമായോ അല്ലെങ്കിൽ ഏതെങ്കിലും പേറ്റന്റിന്റെ പേര്, ട്രേഡ് മാർക്ക്, ഡിസൈൻ എന്നിവയുമായി ബന്ധപ്പെട്ടോ ഉള്ള ആവശ്യങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട അത്തരം സാഹചര്യങ്ങളിലും അത്തരം വ്യവസ്ഥകളിലുമൊഴികെ യാതൊരു വ്യക്തിയും ചിഹ്നം ഉപയോഗിക്കാൻ പാടുള്ളതല്ല.

**ഡി.** ചിഹ്നം ഉൾപ്പെട്ടുവരുന്ന രീതിയിലുള്ള യാതൊരുവിധ ട്രേഡ് മാർക്ക് അല്ലെങ്കിൽ ഏതെങ്കിലും കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട ഡിസൈൻ/പേറ്റന്റ് ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ ക്ഷമതയുള്ള അധികാരി രജിസ്റ്റർചെയ്തു നൽകാൻ പാടില്ല. ഇക്കാര്യത്തിൽ ക്ഷമതയുള്ള അധികാരിക്ക് എന്തെങ്കിലും



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

സംശയം ഉളവാകുന്ന പക്ഷം അക്കാര്യത്തിൽ വ്യക്തതയ്ക്കായി സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്കു വിടേണ്ടതും പ്രസ്തുത സംഗതിയിന്മേലുള്ള സംസ്ഥാനസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**1. ഔദ്യോഗികമുദ്രയുടെ മാതൃക:**

**എ.** ഔദ്യോഗികമുദ്രയുടെ രൂപകൽപ്പനയിൽ ചിഹ്നം വൃത്താകൃതിയിലോ ദീർഘവൃത്താകൃതിയിലോ ഉള്ള ഫ്രെയിമിൽ പൂർണ്ണമായും ഉൾപ്പെട്ടുവരേണ്ടതാണ്.

**ബി.** ഓഫീസ് മുദ്രയുടെ പുറം വലയത്തിന്റെയും ഉൾവലയത്തിന്റെയും ഇടയിൽ വകുപ്പിന്റെയോ ഓഫീസിന്റെയോ പേര് രേഖപ്പെടുത്തണ്ടതാണ്. വകുപ്പിന്റെയോ ഓഫീസിന്റെയോ മുഴുവൻ പേര് ഉൾപ്പെടുത്താൻ സാധിക്കാത്തപക്ഷം പ്രസ്തുത വാക്കുകളുടെ ചുരുക്കരൂപം ഉപയോഗിക്കാവുന്നതാണ്.

**2. ഔദ്യോഗിക രേഖകളിലെ ഉപയോഗം:- കേരളത്തിന്റെ സംസ്ഥാന ചിഹ്നം താഴെപ്പറയുന്ന രേഖകളിൽ ഉപയോഗിക്കാവുന്നതാണ്**

**എ.** ആശയവിനിമയങ്ങൾ: സർക്കാരിൽനിന്നും വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന കത്തുകളുൾപ്പെടെയുള്ള ആശയവിനിമയങ്ങൾ, സർക്കാരുത്തരവുകൾ, നടപടിക്രമങ്ങൾ, മെമ്മോറാണ്ടങ്ങൾ, ഓഫീസ് ഉത്തരവുകൾ, കുറിപ്പുകൾ പോലെയുള്ള ആശയവിനിമയങ്ങളുടെ മുകൾ വശത്ത് മധ്യഭാഗത്തായി സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.



File No. DT/2507/2026-A5 (Computer No. 889488)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

**ബി. സർട്ടിഫിക്കറ്റുകൾ:** സർക്കാരും സർക്കാർ വകുപ്പുകളും നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെയും മുകളിൽ വശത്ത് മധ്യഭാഗത്തായി ചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**സി. ലെറ്റർപാഡുകൾ:** ഡെപ്യൂട്ടി കളക്ടർ/ഡെപ്യൂട്ടി സെക്രട്ടറി പദവിയോ അതിനുമുകളിലോ വരുന്ന ഉദ്യോഗസ്ഥർ അതായത്, സർക്കാർ വകുപ്പുകളിലെ മൂന്നാം ഗസറ്റഡ് തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ വ്യക്തിഗത ലെറ്റർപാഡിൽ അവരുടെ പേരിനൊപ്പം സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**ഡി. ഉദ്യോഗസ്ഥരുടെ നിയമാനുസൃത പ്രാതിനിധ്യ ആവശ്യത്തിനായുള്ള സന്ദർശക കാർഡുകൾ:**

(i) അണ്ടർ സെക്രട്ടറി തലത്തിലോ അതിനുമുകളിലോ ഉൾപ്പെട്ടുവരുന്ന എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും അവരുടെ സ്വന്തം ചെലവിൽ തയ്യാറാക്കുന്ന സന്ദർശക കാർഡുകളിൽ ചിഹ്നം അച്ചടിക്കാവുന്നതാണ്. സർക്കാരിലെ ഡെപ്യൂട്ടി സെക്രട്ടറിതലത്തിലോ അതിനു മുകളിലോ ഉള്ള ഉദ്യോഗസ്ഥർക്ക് അവരുടെ സന്ദർശക കാർഡുകൾ ഗവൺമെന്റ് പ്രസ്സ് വഴി അച്ചടിച്ച് ലഭ്യമാവുന്നതാണ്.

(ii) അണ്ടർ സെക്രട്ടറിതലത്തിനു താഴെയുള്ള ഗസറ്റഡ് ഉദ്യോഗസ്ഥർക്കും എല്ലാ നോൺ-ഗസറ്റഡ് ഉദ്യോഗസ്ഥർക്കും ലൈസൺ, പ്രോട്ടോക്കോൾ, പ്രോജക്റ്റ് മോണിറ്ററിങ് തുടങ്ങിയതരത്തിലുള്ളവർക്ക് അവരുടെ ജോലിയുടെ സ്വഭാവത്തിനനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ



File No. DT/2507/2026-A5 (Computer No. 889488)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

ഔദ്യോഗികചിഹ്നമുള്ള വ്യക്തിഗത സന്ദർശക കാർഡുകൾ അച്ചടിക്കാവുന്നതാണ്.

**കുറിപ്പ് :**

**എ.** എന്നിരുന്നാലും, (i) ലും (ii) ലും പരാമർശിച്ചിരിക്കുന്ന സർക്കാരുദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ മുതലായ ഇടങ്ങളിൽ അന്യത്രസേവന വ്യവസ്ഥയിലോ ഇതരസേവന വ്യവസ്ഥയിലോ ആയിരിക്കുന്നുവെങ്കിൽ അവരുടെ സന്ദർശക കാർഡുകളിൽ സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**ബി.** (i) ലും (ii) ലും പരാമർശിച്ചിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് വിരമിച്ചതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ/സ്റ്റാറ്റ്യൂറ്ററി സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിൽ പുനർ നിയമനം ലഭിക്കുന്നുവെങ്കിൽ അവരുടെ സന്ദർശക കാർഡുകളിൽ സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാലും, പ്രസ്തുത സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിതരാകുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള വിരമിച്ച വ്യക്തികൾക്ക് ഈ സൗകര്യം ഉപയോഗിക്കാൻ കഴിയുന്നതല്ല.

**ഇ. തിരിച്ചറിയൽ കാർഡുകളും ടാഗുകളും:**

**i.** എല്ലാ സർക്കാർജീവനക്കാരുടെ ഔദ്യോഗിക തിരിച്ചറിയൽ കാർഡുകളിലും തിരിച്ചറിയൽ കാർഡുപയോഗിക്കുന്ന ടാഗുകളിലും സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.



File No. DT/2507/2026-A5 (Computer No. 889488)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

ii. മറ്റു സർക്കാർ സ്ഥാപനങ്ങളിൽ അന്യത്ര സേവന വ്യവസ്ഥയിലോ ഇതര സേവനവ്യവസ്ഥയിലോ കൃത്യനിർവഹണത്തിലുള്ള എല്ലാ സർക്കാർജീവനക്കാർക്കും ഇക്കാര്യത്തിനായി സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**കുറിപ്പ്:**

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ തുടങ്ങിയവയിലെ ജീവനക്കാർ അവരുടെ തിരിച്ചറിയൽ കാർഡുകളിൽ സംസ്ഥാനചിഹ്നം ഉപയോഗിക്കാൻ പാടില്ല.

**എഫ്. ഔദ്യോഗികമുദ്രകൾ**

പേര് രേഖപ്പെടുത്തുന്ന സീലിൽ സംസ്ഥാനചിഹ്നം ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഔദ്യോഗികമുദ്രകളിൽ ചിഹ്നം ഉപയോഗിക്കുന്നത് താഴെപറയുന്ന അധികാരികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

I. ഗവർണ്ണർ, മുഖ്യമന്ത്രി, സ്പീക്കർ, സംസ്ഥാനത്തിന്റെ മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഡെപ്യൂട്ടി സ്പീക്കർ, ഗവണ്മെന്റ് ചീഫ് വിപ്പ് അല്ലെങ്കിൽ ക്യാബിനറ്റ് പദവി ലഭിച്ചിട്ടുള്ള മറ്റേതെങ്കിലും വിശിഷ്ടവ്യക്തികൾ.

II. കേരള ലോക്ഭവനിലെയും കേരള നിയമസഭയിലെയും ഓഫീസുകൾക്കും അവിടത്തെ ഗസറ്റഡ് ഓഫീസർമാർക്കും.

III. പ്ലാനിങ് ബോർഡ് ഓഫീസിനും അവിടത്തെ ഗസറ്റഡ് ഓഫീസർമാർക്കും (പ്ലാനിങ് ബോർഡ് സ്വന്തമായി മുദ്ര സ്വീകരിച്ചിട്ടില്ലെങ്കിൽ മാത്രം).

IV. ചീഫ് ഇലക്ട്റൽ ഓഫീസർക്കും അവിടത്തെ ഗസറ്റഡ് ഓഫീസർമാർക്കും, കാര്യാലയത്തിനും.

V. കേരള പബ്ലിക് സർവീസ് കമ്മീഷൻ (സ്വന്തമായി മറ്റൊരു മുദ്ര സ്വീകരിച്ചിട്ടില്ലെങ്കിൽ മാത്രം).

VI. കേരളം സർക്കാരിന്റെ വകുപ്പുകൾക്കും ഗസറ്റഡ് ഓഫീസർമാർക്കും



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

ഓഫീസുകൾക്കും.

VII. നിയമസഭ പാസാക്കിയ ഒരു ആക്റ്റു പ്രകാരമോ സംസ്ഥാനസർക്കാർ രൂപവൽക്കരിച്ചതോ സ്ഥാപിച്ചതോ ആയ കമ്മീഷനും അധികാരസ്ഥാപനങ്ങൾക്കും. (സ്വന്തമായ ഔദ്യോഗികചിഹ്നം സ്വീകരിച്ചിട്ടില്ലെങ്കിൽ).

**ജി. കവറുകളും സ്റ്റേഷനറികളും:**

സർക്കാർവകുപ്പുകളുടെ ഔദ്യോഗിക കവറുകളിലും സ്റ്റേഷനറികളിലും സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**എച്ച്. ക്ഷണക്കത്തുകൾ:**

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗികവും ഔപചാരികവുമായ ചടങ്ങുകളുടെ ക്ഷണക്കത്തുകളിൽ സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**ഐ. പരിപാടി നോട്ടീസുകൾ, പ്രചാരണസാമഗ്രികൾ, സർക്കാർ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ:**

സർക്കാർവകുപ്പുകളുടെ പരിപാടി നോട്ടീസുകളിലും പ്രചാരണ സാമഗ്രികളിലും പ്രസിദ്ധീകരണങ്ങളിലും മറ്റും സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**ജെ. വാഹനങ്ങൾ**

i. ഗവർണ്ണറോ അവരുടെ ജീവിതപങ്കാളി യാത്രചെയ്യുന്നതോ ആയ അത്തരം വാഹനങ്ങളിലും സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

ii. മുഖ്യമന്ത്രി, സ്പീക്കർ, മന്ത്രിസഭയിലെ അംഗങ്ങൾ എന്നിവരുടെ വാഹനങ്ങളിലും സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

iii. അർഹരായ വിശിഷ്ട വ്യക്തികൾക്ക് “KERALA STATE” ബോർഡിനൊപ്പം സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**കെ. ആശംസാ കാർഡുകൾ**

വിശേഷ അവസരങ്ങളുമായി ബന്ധപ്പെട്ട് അയയ്ക്കുന്ന ആശംസാ കാർഡുകളിലും



File No. DT/2507/2026-A5 (Computer No. 889488)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

ഓൺലൈൻ ആശംസകളിലുമുൾപ്പെടെ താഴെപ്പറയുന്ന വിശിഷ്ട വ്യക്തികൾക്ക് സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്;

i. ഗവർണ്ണർ

ii. മുഖ്യമന്ത്രി

iii. സ്പീക്കർ

iv. പ്രതിപക്ഷനേതാവ്

v. മന്ത്രിസഭാംഗങ്ങൾ

vi. ഡെപ്യൂട്ടി സ്പീക്കർ / സർക്കാർ ചീഫ് വിപ്പ്

vii. ക്യാബിനറ്റ് പദവി ലഭിച്ചിട്ടുള്ള മറ്റേതെങ്കിലും വിശിഷ്ടവ്യക്തികൾ

viii. നിയമസഭാംഗങ്ങൾ

ix. ചീഫ് സെക്രട്ടറി

x. സെക്രട്ടറി പദവിയിലും അതിനുമുകളിലുമുള്ള ഉദ്യോഗസ്ഥർ

xi. ജില്ലാ കളക്ടർമാർ

**എൽ. സർക്കാർവകുപ്പുകൾ നിർമ്മിക്കുന്ന സിനിമകളും ഡോക്യുമെന്ററികളും**

**എം. ഔദ്യോഗികാവശ്യങ്ങൾക്കുള്ള ക്രെസ്റ്റുകൾ, പതാകകൾ, ഇരിപ്പിടങ്ങൾ**

**എൻ. സർക്കാരിന്റെയും സർക്കാർ വകുപ്പുകളുടെയും സർക്കാർ വകുപ്പുകൾ വികസിപ്പിച്ചിട്ടുള്ള മറ്റു ഇ-സൊല്യൂഷൻസുകളുടെയും വെബ്സൈറ്റുകളും സോഷ്യൽ മീഡിയ പേജുകളും.**

**ഒ. സർക്കാർ ഏർപ്പെടുത്തുന്ന മെഡലുകൾ, സർട്ടിഫിക്കറ്റുകൾ, സന്നദുകൾ**

**പി. ഗസ്റ്റ് ഹൗസുകളിൽ ഉൾപ്പെടെ, സംസ്ഥാനസർക്കാർ അതിഥി സത്കാരത്തിനായി ഉപയോഗിക്കുന്ന ഗ്ലാസ്വെയറുകളിലും ക്രോക്കറിയിലും കട്ലറിയിലും.**

**ക്യൂ. ഔപചാരികചടങ്ങുകളിൽ ഉപയോഗിക്കുന്ന ബാഡ്ജുകൾ, കോളറുകൾ, ബട്ടണുകൾ**



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

**ആർ. സ്കൂൾ പാഠപുസ്തകങ്ങളിലോ മറ്റു പഠനസാമഗ്രികളിലോ മുൻപേജ്, തലക്കെട്ട് അല്ലെങ്കിൽ അത്തരം പബ്ലിക്കേഷന്റെ കവറിലോ സർക്കാർ പബ്ലിക്കേഷനാണെന്ന മതിപ്പുളവാകാത്തവിധം സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.**

**എസ്. പൊതുകെട്ടിടങ്ങളിലെ പ്രദർശനം:**

i. ലോക് ഭവൻ, സംസ്ഥാനനിയമസഭ, ഹൈക്കോടതി, സെക്രട്ടേറിയറ്റ് കെട്ടിടങ്ങൾ, കളക് ട്രേറ്റുകൾ പോലുള്ള പ്രധാന പൊതുകെട്ടിടങ്ങളിൽ സംസ്ഥാനചിഹ്നം പ്രദർശിപ്പിക്കാവുന്നതാണ്.

ii. എല്ലാ സർക്കാർവകുപ്പുകളുടെയും കെട്ടിടങ്ങളുടെ പേരിനൊപ്പം സംസ്ഥാനചിഹ്നം ഉൾപ്പെടുത്തി പ്രദർശിപ്പിക്കാവുന്നതാണ്.

**3. സംസ്ഥാനചിഹ്നം ഉപയോഗിക്കുന്നതിലുള്ള നിയന്ത്രണങ്ങൾ;**

i. മേൽപ്പറഞ്ഞ മാർഗനിർദേശങ്ങൾ പ്രകാരം അനുമതി ലഭിച്ചവരല്ലാതെ മറ്റൊരാളും (മുൻ മന്ത്രിമാർ, മുൻ നിയമസഭാംഗങ്ങൾ, വിരമിച്ച ജഡ് ജിമാർ, വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ അധികാരികൾ) സംസ്ഥാനചിഹ്നം ഉപയോഗിക്കാൻ പാടില്ല.

ii. ഈ മാർഗനിർദേശങ്ങൾ പ്രകാരം അനുമതി ലഭിച്ചിട്ടുള്ളവരല്ലാതെയുള്ള കമ്മീഷനോ കമ്മിറ്റിയോ പൊതുമേഖലാ സ്ഥാപനങ്ങളോ ബാങ്കുകളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ എൻ.ജി.ഒ-കളോ സർവകലാശാലകളോ സംസ്ഥാനചിഹ്നം ഉപയോഗിക്കാൻ പാടില്ല.

iii. രജിസ്റ്റർ ചെയ്തതോ അല്ലാത്തതോ ആയ ഏതെങ്കിലും സംഘടനകൾക്കോ കൂട്ടായ്മകൾക്കോ തങ്ങളുടെ ലെറ്റർഹെഡുകൾ ബ്രോഷറുകൾ സീറ്റുകൾ ക്രെസ്റ്റുകൾ ബാഡ് ജുകൾ ഹൗസ് ഫ്ലാഗുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി സംസ്ഥാനചിഹ്നം ഉപയോഗിക്കാൻ പാടില്ല.

iv. മേൽപ്പറഞ്ഞ മാർഗനിർദേശങ്ങൾ പ്രകാരം അനുമതി ലഭിച്ചവർ സംസ്ഥാനചിഹ്നം അച്ചടിച്ചതോ മുദ്രണംചെയ്തതോ ആയ ലെറ്റർ ഹെഡുകൾ സന്ദർശക കാർഡുകൾ, ആശംസാ കാർഡുകൾ ഉൾപ്പെടെയുള്ള സ്റ്റേഷനറികളിൽ വ്യക്തിയുടെ പേരിനൊപ്പം അഡ്വക്കേറ്റ്, എഡിറ്റർ,



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

ചാർട്ടേർഡ് അക്കൗണ്ടന്റ് മുതലായ വാക്കുകൾ ചേർക്കാൻ പാടില്ല.

v. ഏതൊരാളും സംസ്ഥാനചിഹ്നം അല്ലെങ്കിൽ അതിനോടു സാമ്യമുള്ള രൂപമോ വ്യാപാര, വാണിജ്യ, തൊഴിൽപരമായ ആവശ്യങ്ങൾക്കായോ ഏതെങ്കിലും പേറ്റന്റ്, ട്രേഡ് മാർക്ക്, ഡിസൈൻ എന്നിവയുടെ ശീർഷകത്തിലോ ഉപയോഗിക്കുവാനോ നിലവിൽ അപ്രകാരം ഉപയോഗത്തിലിരിക്കുന്നുവെങ്കിൽ ഉപയോഗം തുടരാനോ പാടില്ലാത്തതാണ്. എന്നാൽ, ഒരു വ്യക്തിയോ ഒരു കൂട്ടംവ്യക്തികൾക്കോ അസോസിയേഷനുകളോ ബോഡികോർപ്പറേറ്റിനോ അവർ സംസ്ഥാന സർക്കാരുമായോ, വകുപ്പുമായോ കൂട്ടായി പ്രവർത്തിക്കുന്ന ഒരു പൊതുപരിപാടിയുടെയോ പ്രസിദ്ധീകരണത്തിന്റെയോ ഭാഗമായി സംസ്ഥാനസർക്കാരിന്റെ മുൻകൂർ അനുമതിയോടെ സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

**4. ഔദ്യോഗിക രേഖകളിൽ/സ്റ്റേഷനറിയിൽ സ്വർണ്ണനിറത്തിലോ എംബോസ് ചെയ്തതോ ആയ സംസ്ഥാനചിഹ്നത്തിന്റെ ഉപയോഗം:**

**എ.** കത്തുകളും ലെറ്റർ പാഡുകളും ഉൾപ്പെടെയുള്ള എല്ലാ ആശയവിനിമയങ്ങളിലും സംസ്ഥാനചിഹ്നത്തിന്റെ നിറം കറുപ്പ്, നീല, പച്ച അല്ലെങ്കിൽ ചുവപ്പ് ആയിരിക്കണം. എന്നിരുന്നാലും;

i. നിയമസഭാംഗങ്ങൾക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും അതിനുമുകളിലെ തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്കും തങ്ങളുടെ ഔദ്യോഗിക കത്തുകളിലും, ലെറ്റർ ഹെഡുകളിലും സന്ദർശക കാർഡുകളിലും സ്വർണ്ണനിറത്തിലുള്ള സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

ii. ഗവർണ്ണർ, മുഖ്യമന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ്, മന്ത്രിസഭാംഗങ്ങൾ, കാബിനറ്റ് പദവിയുള്ള വിശിഷ്ടവ്യക്തികൾ, ചീഫ് സെക്രട്ടറി എന്നിവർക്ക് തങ്ങളുടെ ഔദ്യോഗിക കത്തുകളിലും ലെറ്റർ ഹെഡുകളിലും സന്ദർശക കാർഡുകളിലും മറ്റു സ്റ്റേഷനറികളിലും സ്വർണ്ണനിറത്തിൽ എംബോസ് ചെയ്ത സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

**ബി.** സംസ്ഥാന സർക്കാർവകുപ്പുകൾ സംഘടിപ്പിക്കുന്ന പ്രധാന ചടങ്ങുകളിൽ ഉപയോഗിക്കുന്ന സ്റ്റേഷനറികളിലും സർക്കാർ ഡയറികളിലും സ്വർണ്ണനിറത്തിലുള്ളതോ സ്വർണ്ണനിറത്തിൽ എംബോസ് ചെയ്തതോ ആയ സംസ്ഥാനചിഹ്നം ഉപയോഗിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**കെ ബിജു ഐ എ എസ്**
സെക്രട്ടറി

ഗവർണ്ണറുടെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും /

സെക്രട്ടറിമാർക്കും

കേരള ഹൈക്കോടതി രജിസ്ട്രാർക്ക്

സെക്രട്ടറി, കേരള നിയമസഭ

കേരളത്തിലെ എല്ലാ സർവകലാശാലകളുടെയും രജിസ്ട്രാർമാർക്ക്

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ

അഡ്വക്കേറ്റ് ജനറൽ, കേരള

എല്ലാ വകുപ്പുമേധാവികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും)

എല്ലാ ജില്ലാ കളക്ടർമാർക്കും

വിവര-പൊതുജനസമ്പർക്കവകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ എം.എൽ.എ. മാർക്കും

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

<u>**അനുബന്ധം**</u>



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

# GOVERNMENT OF KERALA

**Abstract**

General Administration Department- Use of State Government Emblem and prevention of its misuse - guidelines - orders issued.

---

**GENERAL ADMINISTRATION (PROTOCOL) DEPARTMENT**
**G.O(P) No.8/2026/GAD Dated,Thiruvananthapuram, 13-03-2026**

Read :- 1. G.O(P) No.696/Public Misc.dated 9th September,1961

2. G.O(MS) No.18/20211/GAD dated 13th January, 2011

**ORDER**

WHEREAS, the Emblem for the State of Kerala was adopted vide order read above.

AND WHEREAS, the correct model of the emblem is attached along with this Order as Annexure. The State Emblem of Kerala shall conform to the designs as set out therein

AND WHEREAS, the item no. 4 of SCHEDULE OF THE EMBLEMS AND NAMES (PREVENTION OF IMPROPER USE) ACT-1950 [Act no.12 of 1950] states that "the name, improper use or continue



File No. DT/2507/2026-A5 (Computer No. 889488)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

to use the emblem or official seal or emblem of the Government of India or of any State Government without the previous permission of the Central Government or such officer authorised by the Central Government will attract the provisions of the Act;"

AND WHEREAS, since the National Emblem is incorporated in the State Emblem of Kerala, the provisions of The State Emblem of India (Prevention of Misuse) Act-2005 and the State Emblem of India (Regulation of Use) Rules, 2007 are applicable in respect of the State Emblem also;

AND WHEREAS, the State Government has not issued any specific guidelines for the use of State Emblem by various functionaries.

NOW THEREFORE, the Government are pleased to issue the following guidelines for the use of State Emblem by various functionaries in the State:

## General guidelines

a. Emblem in this guidelines means the State Emblem of Kerala as described and specified in the schedule of the Emblem and Names (Prevention of Improper Use) Act-1950 and the State Emblem of India

(Regulation of Use) Rules, 2007.

b. No person shall use the emblem or any colourable imitation thereof in any manner which tends to create an impression that it relates to the Government or that it is an official document of the State Government, without the previous permission of the State Government or of such officer of the Government as may be authorised by it in this behalf. Person includes a former functionary of the Central or State Government.

c. No person shall use the emblem for the purpose of any trade, business, calling of profession or in the title of any patent, or in any trademark or design, except in such cases and under such conditions as may be prescribed.

d. No competent authority shall register a trademark or design which bears a title containing the emblem or grant patent in respect of an invention, which bears a title containing the emblem. If any question arises before a competent authority whether any emblem is an emblem specified in the Schedule or a colourable imitation thereof, the competent authority shall refer the question to the State Government and the decision of the State Government thereon shall be final

1. **Design of official seal:**

a.The design of the official seal shall have the emblem enclosed in an oval or round frame

b. The name of department or the office shall appear between the inner and outer rims of the frame. The abbreviated form of the name of a Department or the Office may be inscribed where it is not possible to accommodate the name in full.

2. **Use in official documents.-State emblem of Kerala can be used in following documents;**

a. **Communications:**

State Emblem can be used in the top centre of all the communications, including letters, Government Orders, proceedings, memorandums, office orders, notes and like communications issued from Government and its departments.

b. **Certificates:**Emblem can be used in the top centre of all the certificates issued by Government and its departments.

c. **Letter pads:**

Officers of an above the rank of Deputy Collector/Deputy Secretary ie.



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

Officer from third gazetted post in Government Departments can use the State emblem in their personal letter pads along with their name.

**d.Visiting Cards of the offices for their legitimate representative purpose:**

(i) All gazetted officers of and above the rank of Under Secretary can print personal visiting cards with Emblem at their own cost. Visiting cards for officers of and above the rank of Deputy Secretary to Government can get their visiting cards printed in Government Press.

(ii) Gazetted officers below the rank of Under Secretary and all non-gazetted officers,depending on their nature of duty, like liaison, protocol,project monitoring etc.,also can print the personal visiting cards with Emblem with prior approval of Government.

**Note:**

a.However an officer, as mentioned in (i) and (ii) above, of Government who is on deputation or other duties to the Public Sector Undertakings/Statutory Organizations/Autonomous Bodies etc. can use the State Emblem in their visiting cards.

b.An officer, as mentioned in (i) and (ii) above, of Government who is posted on the Public Sector Undertakings/statutory organizations/autonomous bodies etc. on re employment after retirement can also use Emblem in their visiting cards. However the retired personnel except All India Service Officers who are posted on contract basis cannot use this facility.

e. **Identity Cards and tags:**

**i.** All Government Staff can use Emblem in their identity cards and tags used for identity cards.

ii. All Government Staff who are on deputation or other duty to other governmental organizations also can use Emblem for this purpose.

Note:

Employees of PSUs/Autonomous organizations/aided organizations/statutory bodies etc. shall not use Emblem in their identity cards

f. **Official seals:**

The State Emblem shall not be used in the name seals. The use of emblem in official seal shall be restricted to the authorities mentioned below:

I. Governor, Chief Minister, Speaker, Ministers of the State, Leader of the opposition, Deputy Speaker, Government Chief Whip or any other dignitaries who have been assigned the cabinet status.
II. Office and gazetted officers of Kerala Lok Bhavan and Kerala Legislative Assembly.
III. Office and gazetted officers of Planning board (if Planning board has not adopted their own emblem)
IV. Chief Electoral Officer, his/her gazetted officers and office
V. Kerala Public Service Commission (only if they don’t adopt another logo of their own)
VI. Departments, gazetted officers and offices of Kerala Government
VII. Commission and authorities constituted or established by an Act of Legislature or set up by the State Government (If they don’t adopt their own official emblem)

g. **Envelopes and stationeries:**

Emblem can be used in envelopes for sending official communications of Government departments and in all official stationeries.

h. **Invitation Cards:**

Emblem can be used in the invitation cards for official and ceremonial functions of the State Government.

**i. Programme notices, publicity materials, government publications etc.**

State Emblem can be used in the Programme notices, publicity materials, publications etc. of Government departments.

**j. Vehicles**

**i.**State Emblem can be used by the Governor or his/her spouse when he/she travel by such vehicles.

ii.State Emblem can be used in the vehicles used by the Chief Minister, Speaker and members of the council of Ministers.

iii.State Emblem can be used along with the KERALA STATE board used by eligible dignitaries.

**k. Greeting Cards:**

State Emblem can be used in the greeting cards, including online greetings, sent by the following dignitaries for legitimate representational purpose;

i. Governor

ii. Chief Minister

iii. Speaker

iv. Leader of opposition

v. Members of Council of Ministers.

vi. Deputy Speaker/Chief Whip of Government

vii. Any other dignitaries who have been assigned the Cabinet Rank

viii. Members of Legislative Assembly

ix. Chief Secretary

x. Officers of an above the rank of Secretaries

xi. District Collectors.

**l. Films and documentaries made by Government departments**

**m. Crests, Flags, seats for official purposes.**

**n. Website/social media pages of government and its departments and other e-solutions developed by government department.**

**o. Medals, certificates and Sanads instituted by Government.**

**p. Representational glassware crockery and cutlery used for State Hospitality, including in Guest Houses.**

**q. Badges, Collars and Buttons to be used in ceremonial occasions.**

**r. School textbooks or in any other study materials provided that the emblem shall not be used on the front page, title or cover of such publication so as to give an impression that it is government publication**.

s**. Display on public buildings:**

i. State Emblem can be displayed on important public buildings like Lok Bhavan, State Legislature, High Court, Secretariat buildings, and Collectorates.

ii. State Emblem can be used along with the name of the building in

all government departments.

## 3. Restrictions on the Use of Emblems;

i. No persons (including former functionaries of the Government like, former Ministers, Former Members of Legislative Assembly, former judges, retired government employees) other than authorized under these guidelines shall use the emblem in any manner.

ii. No Commission or Committee, Public Sector Undertakings, Bank, LSGIs, non-governmental organizations, University other than those authorized under these guidelines shall use the emblem.

iii. No association or body of persons, whether incorporated or not shall use the emblem on their letter heads, brochures, seats, crests, badges, house flags or for any other purpose in any manner.

iv. The stationery including letter heads visiting cards and greeting cards with emblem printed or embossed on it shall not bear words like Advocate, Editor, Chartered Accountant with the name of the person authorized to use the emblem under these guidelines for stationery

v. No person shall use or continue to use the emblem or any colourable imitation thereof for the purpose of any trade, business, calling of profession or in the title of any patent or in any trade mark or design

provided that a person or a group of persons, associations, body corporate may use the emblem in connection with an event organized by it or a publication brought out jointly with State Government or department with prior approval of the State Government.

**4. Use of gold coloured or embossed emblems in official documents/stationery**

**a.** Colour of emblem in all communications, including letter pads, shall be black, blue, green or red. However,

i. Members of Legislative Assemblies and Officers of and above the rank of Principal Secretaries can use golden coloured emblem in their official communications, visiting cards and letter pads.

ii. Governor, Chief Minister, Speaker, Deputy Speaker, Chief Whip, Members of Council of Ministers, dignitaries having cabinet status and Chief Secretary can use gold embossed emblems in their official communications, including letter pads and visiting cards and other stationery.

**b .** Golden coloured and gold embossed emblem can be used in government diaries and other stationery which are used



File No. DT/2507/2026-A5 (Computer No. 889488)

Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 08/05/2026 10:29 AM

during a ceremony of higher importance conducted by the State Government Departments.

(By order of the Governor)
**K Biju IAS**
**Secretary**

To:

Secretary to Governor

All Additional Chief Secretaries/Principal Secretaries/Secretaries

The Registrar of High Court of Kerala

The Secretary, Kerala Legislative Assembly

The Registrar of all Universities in Kerala

The Secretary, Kerala Public Service Commission

The Advocate General, Kerala

All Heads of the Department, PSUs

All Departments (all sections) of the Secretariat

All District Collectors

Information & Public Relations Department (Web & New Media)

Stock File/Office copy

Copy to;

Private Secretary to Hon'ble Chief Minister

Private Secretary to Speaker

Private Secretary to Hon'ble Ministers

All MLAs

Forwarded /By order

**SECTION OFFICER**

**Annexure**

<u>മേലെഴുത്ത് കത്ത് : ഡിറ്റി/2507/2026 - എ5 തീയതി : 07-05-2026</u>

സംസ്ഥാന സർക്കാർ ചിഹ്നം ഉപയോഗിക്കുന്നത് സംബന്ധിച്ച മേൽ ഉത്തരവ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

**Shammi Baker A, JD DTTVM, O/O JD DTTVPM**

Digitally signed by
Shammi Baker A
Date: 07-05-2026
22:55:02

സ്വീകർത്താവ്,

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)